## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 4120 — 25.06.2018-ൽ മറുപടിയ്ക്ക്.

# പാലിന്റെ ഗുണനിലവാരം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.എ.പി. അനിൽ കുമാർ**<br>**ശ്രീ.അനൂപ് ജേക്കബ്**<br>**ശ്രീ.വി.പി.സജീന്ദ്രൻ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ഇതരസംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടു വരുന്ന പാലിന്റെ ഗുണനിലവാരം സംബന്ധിച്ച് വ്യാപകമായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) അതിർത്തി പ്രദേശങ്ങളിൽ പാൽ പരിശോധന ലാബുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; പ്രസ്തുത ലാബുകളിലെ പരിശോധനയിൽ ഇതര സംസ്ഥാനത്ത് നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുണ്ടോ; | (ബി) പ്രാവർത്തികമാക്കിയിട്ടുണ്ട്.<br>മീനാക്ഷിപുരം, ആര്യങ്കാവ് എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ ലാബുകൾ സ്ഥാപിച്ച് ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പ വരുത്തുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലയിൽ ഗുണനിലവാര പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) സംസ്ഥാനത്തെ പാലിന്റെ ഗുണനിലവാരം എപ്രകാരമാണ് പരിശോധിക്കുന്നത്; സഞ്ചരിക്കുന്ന ലബോറട്ടറി ഇക്കാര്യത്തിനായി നടപ്പിലാക്കുമോ; | (സി) ഭക്ഷ്യസുരക്ഷാ നിയമം (എഫ്.എസ്.എസ്.എ) അനുസരിച്ചുള്ള നിശ്ചിത ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പാലിൽ അടങ്ങിയിരിക്കുന്ന കൊഴുപ്പ്, കൊഴുപ്പിതര ഖരപദാർത്ഥങ്ങൾ എന്നിവ പരിശോധിക്കുന്നതിനു പുറമേ പാലിൽ മായം കലർത്തിയിട്ടുണ്ടോയെന്നും സൂക്ഷിപ്പ് കാലാവധി വർദ്ധിപ്പിക്കുന്നതിനായി പ്രിസർവേറ്റീവ്സ് ചേർത്തിട്ടുണ്ടോ എന്നുമാണ് പരിശോധിക്കുന്നത്.<br>പാലിന്റെ ഗുണനിലവാര പരിശോധനയ്ക്കായി മോബൈൽ ലബോറട്ടറി വ്യാപകമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ഡി) മിൽമയെ കൂടാതെ മാതൃകാ ക്ഷീര സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) നിലവിൽ പ്രൊഡ്യൂസർ കമ്പനികൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**